പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5347 15.11.2019-ലെ മറുപടിക്ക്

**പൊതുവിപണിയെക്കാൾ കുറഞ്ഞ വിലക്ക് കെ.എസ്.ആർ.ടി.സിക്ക് ഡീസൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിക്ക് പ്രതിദിനം അതിന്റെ സർവ്വീസ് നടത്തുന്നതിന് എത്ര ലക്ഷം ലിറ്റർ ഡീസലാണ് വേണ്ടത്; അതിനായി എന്ത് തുക ചിലവാകും; | (എ) | കെ.എസ്.ആർ.ടി.സിയിൽ ഇപ്പോൾ പ്രതിദിനം ശരാശരി 430 കിലോ ലിറ്റർ ഡീസൽ ഉപയോഗിക്കുന്നു.<br>പ്രതിദിനം ശരാശരി 2.90 കോടി രൂപ ഡീസൽ വാങ്ങുന്ന ഇനത്തിൽ കമ്പനികൾക്ക് നൽകി വരുന്നുണ്ട്. |
| (ബി) | പൊതുവിപണിയെക്കാൾ കുറഞ്ഞ വിലക്ക് കെ.എസ്.ആർ.ടി.സിക്ക് ഡീസൽ നൽകുവാൻ ഏതെങ്കിലും കമ്പനികൾ മുന്നോട്ട് വന്നിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇതിനായി കെ.എസ്.ആർ.ടി.സി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സർക്കാർ അംഗീകൃത വാങ്ങൽ നയമനുസരിച്ച് പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നും വിലപേശൽ നടത്തി കരാറിലേർപ്പെട്ടാണ് വാങ്ങൽ പ്രക്രിയ നടത്തിവരുന്നത്. മേൽ പ്രക്രിയയിലൂടെ തന്നെ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നിലവിൽ കിലോ ലിറ്ററിന് 1700/- രൂപ കിഴിവും 45 ദിവസത്തെ ക്രെഡിറ്റും 10.1.2019 മുതൽ ലഭ്യമാക്കുന്നുണ്ട്. ഇത് 30 |

| | | | |
|---|---|---|---|
| | | | ദിവസത്തെ ക്രെഡിറ്റ് ആയി കുറയുകയാണെങ്കിൽ 1975 രൂപയായി കിഴിവ് വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ നിരക്ക് കർണ്ണാടക ആർ.റ്റി.സി.യിൽ തത്സമയം ടെണ്ടർ മുഖാന്തിരം ലഭ്യമായ ഏറ്റവും മികച്ച ഓഫറിന് തുല്യമാണ്. (1975 രൂപ കിഴിവും 30 ദിവസ ക്രെഡിറ്റും) പ്രതിദിനം ഏതാണ്ട് 2200 കിലോ ലിറ്റർ ഉപയോഗമുള്ള കർണ്ണാടക RTC-യിലെ 1975 രൂപയും 30 ദിവസം ക്രെഡിറ്റും എന്നത് പ്രതിദിനം 430 കിലോലിറ്റർ മാത്രം ഉപയോഗമുള്ള കെ.എസ്.ആർ.ടി.സിയ്ക്ക് ലഭിക്കുന്നത് മെച്ചപ്പെട്ട ഓഫറാണ്. തുടർന്ന് കർണ്ണാടക ആർ.റ്റി.സി യിലെ പുതിയ ടെണ്ടറിൽ ഡിസ്കൗണ്ട് വർദ്ധിച്ചതനുസരിച്ച് ഇന്ത്യൻ ഓയിൽ കമ്പനിയുമായി മെച്ചപ്പെട്ട ഓഫറിനായി ചർച്ചകൾ പുരോഗതിയിലാണ്. ആയതിനാൽ ടെണ്ടർ നടപടികൾ ഒഴിവായിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**